ഖുത്വ്ബ
24.06.2005
മിസ്സിസ്സാഗ, കാനഡ

بسم الله الرحمن الرحيم
نحمده ونصلي علي رسوله الكريم. وعلى عبده المسيح الموعود

# പരിഭവവും പരാതിയുമുപേക്ഷിച്ച് ദൈവസാമീപ്യം പ്രാപിക്കുക

**അ**ല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇന്ന് കാനഡ അഹ്മദിയ്യാ ജമാഅത്തിന്റെ ജൽസാ സാലാന ആരംഭിക്കുകയാണ്. ഈ ഖുത്ബയോടു കൂടി അതിന് സമാരംഭം കുറിക്കുന്നു. ഈ ജൽസ യിൽ പങ്കെടുക്കുന്ന നിങ്ങൾക്കും മറ്റുള്ളവർക്കും ഏതെങ്കിലും നിർബ്ബന്ധമായ കാരണത്താൽ ഇതിൽ പങ്കെടുക്കാൻ കഴിയാത്തവർക്കും അല്ലാഹു അളവറ്റ അനുഗ്രഹങ്ങൾ പ്രദാനം ചെയ്യുമാറാകട്ടെ. ഈ ജൽസ ധാരാളം അനുഗ്രഹം കൊണ്ടുവരുന്നതും ആദ്യത്തേക്കാൾ അധികം നിങ്ങളെ അല്ലാഹുവിന്റെ അടുത്തേക്ക് എത്തിക്കുന്നതും എല്ലാവരുടേയും തഖ്വയിൽ വർദ്ധനവുണ്ടാക്കുന്നതുമായിത്തീരട്ടെ. ഏതൊരുദ്ദേശ്യത്തിന് വേണ്ടിയാണോ ഹസ്റത്ത് മസീഹ് മൗഊദ്(അ) ഈ ജൽസ തുടങ്ങിയത് അത് പൂർത്തിയാക്കുന്നവരാകട്ടെ. അല്ലാഹുവിന്റെ ഏകത്വം സ്ഥാപിക്കുകയും അവന്റെ കല്പനകളനുസരിച്ച് ജീവിക്കുകയും ചെയ്യുക എന്നതായിരിക്കട്ടെ നമ്മുടെ ലക്ഷ്യം. അതിനുവേണ്ടി നാം നമ്മിൽ മാറ്റമുണ്ടാക്കുന്നവരും നമ്മുടെ മക്കൾക്ക് ഈ അദ്ധ്യാപനം പകർന്നുകൊടുക്കുന്നവരും ആയിത്തീരട്ടെ.

ഹസ്റത്ത് മസീഹ് മൗഊദ്(അ) ഈ ജൽസ കളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിവരിച്ചുകൊണ്ട് പറയുന്നു: "നമ്മുടെ ജമാഅത്തിലുള്ളവരുടെ ഹൃദയം പരലോകത്തേക്ക് പരിപൂർണ്ണമായും കുനിയുംവിധം തങ്ങളിൽ മാറ്റമുണ്ടാക്കിത്തീർക്കുക എന്നതാണ് ഈ ജൽസ കൊണ്ടുള്ള യഥാർത്ഥ ഉദ്ദേശ്യം. അവരുടെ ഉള്ളിൽ അല്ലാഹുവിനോടുള്ള ഭയം ഉണ്ടാകുകയും സ്വാത്മ പരിത്യാഗത്തിലും ഭയഭക്തിയിലും ദൈവഭയത്തിലും ദോഷങ്ങളിൽനിന്ന് അകന്നുനില്ക്കുന്നതിലും ദയ കാണിക്കുന്നതിലും പരസ്പരസ്നേഹത്തിലും സാഹോദര്യത്തിലും മറ്റുള്ളവർക്ക് മാതൃകയായിത്തീരുകയും വിനയഭാവവും വിനീതമായ പെരുമാറ്റവും സത്യസന്ധതയും അവരിലുണ്ടാവുകയും മതപരമായ കാര്യങ്ങൾക്കായി ഉത്സാഹത്തോടെ പ്രവർത്തിക്കുകയും ചെയ്യുക എന്നതാണ്."

ഇതാണ് ജൽസ കൊണ്ടുള്ള ഉദ്ദേശ്യങ്ങൾ. ഇത് സ്വായത്തമാക്കുന്നതിനുവേണ്ടി ഹസ്റത്ത് മസീഹ് മൗഊദ്(അ) നമ്മെ വിളിച്ചിരിക്കുകയാണ്. അല്ലാഹുവിനെ സകലശക്തികളുടേയും ഉറവിടസ്ഥാനമായി മനസ്സിലാക്കുമ്പോഴാണ് പരലോകത്തേക്ക് മനുഷ്യന് കുനിയാൻ സാധിക്കുന്നത്. ഈ വിചാരം ദൃഢവിശ്വാസമായി മാറുകയും അല്ലാഹു ഏകനാണെന്നും എന്നെ സൃഷ്ടിച്ചവനാണെന്നും എന്നെ പരിപാലിക്കുന്നവനും എനിക്ക് സകലതും തരുന്നവനും എന്റെ പ്രവൃത്തിയിലും എന്റെ ജോലിയിലും അനുഗ്രഹം ഇടുന്നവനാണെന്നും കരുതി അവനെ ആരാധിക്കുകയും അവന്റെ മുമ്പിൽ കുനിയുകയും ചെയ്യുമ്പോഴാണ് അവന്റെ അനുഗ്രഹങ്ങളിൽ ഭാഗഭാക്കായിക്കൊണ്ടിരിക്കുന്നത്. എന്റെ ഉള്ളിൽ നന്മയിൽ നിലകൊള്ളാനുള്ള ആത്മാവുണ്ടെങ്കിൽ ഞാനവന്റെ അനുഗ്രഹങ്ങൾക്ക് അവകാശിയായിക്കൊണ്ടിരിക്കും. അവനെ പരിപൂർണ്ണമായി അനുസരിച്ചും തഖ്വയിലൂടെ നടന്നുംകൊണ്ട് അവനോടും അവന്റെ സൃഷ്ടികളോടുമുള്ള കടമ നിറവേറ്റിക്കൊണ്ടിരുന്നാൽ അവന്റെ അനുഗ്രഹങ്ങളിൽ ഭാഗഭാക്കായിത്തീരുന്നതാണ്. ഈ ചിന്താഗതിയാണെങ്കിൽ അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് തീർച്ചയായും പാരിതോഷികം നല്കി അവൻ അനുഗ്രഹിച്ചുകൊണ്ടേയിരിക്കും. എന്നാൽ, ഈ തഖ്വയും അല്ലാഹുവിന്റെ ഏകത്വവും സ്ഥാപിക്കുന്നതിനുള്ള നില കൈവരുന്നത് അവന്റെ സകലകല്പനകളുമനുസരിച്ച് പ്രവർത്തിക്കുമ്പോഴാണ്. ഇത് അല്ലാഹുവിന്റെ പ്രത്യേകമായ അനുഗ്രഹത്താൽ മാത്രമേ ഉണ്ടാവുകയുള്ളൂ. മനസ്സിലെപ്പോഴും അല്ലാഹു അല്ലാഹു അല്ലാഹു എന്ന ചിന്ത ഉണ്ടാകുമ്പോഴാണ് ഇത് സാധ്യമാകുന്നത്.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ അപ്പോൾ ദൈവഭയവും ദോഷങ്ങളിൽനി

ന്നുള്ള അകൽച്ചയും അല്ലാഹുവിന്റെ സൃഷ്ടികളോട് ദയയും പരസ്പര സ്നേഹവും നിലനിൽക്കുന്നതാണ്. ഈ കാര്യങ്ങൾ നടപ്പിൽ വരുമ്പോഴാണ് ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗ്രഹമനുസരിച്ച് നാം ഒരു മാതൃകയായിത്തീരുന്നത്. ഈ മാതൃക നാം നമ്മുടെ ഉള്ളിൽ നിലനാട്ടുന്നുണ്ടോ? അല്ലെങ്കിൽ അതിനായി പരിശ്രമിക്കുന്നുണ്ടോ? എന്ന് നമ്മളിൽ ഓരോരുത്തരും ആത്മപരിശോധന നടത്തേണ്ടതാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതീക്ഷിക്കുന്ന നിലയിൽ സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും നില നാം കൈവരിച്ചിട്ടുണ്ടോ? നാം നമ്മുടെ ഉള്ളിൽ വിനയത്തിന്റെ ഉന്നതമായ നില നാട്ടിയിട്ടുണ്ടോ? നമ്മുടെ ആവശ്യങ്ങളെ നമ്മുടെ സഹോദരന്റെ ആവശ്യത്തിന്നായി ത്യാഗം ചെയ്യും വിധം നമ്മുടെ ഉള്ളിൽ ചൈതന്യം ഉണ്ടായിട്ടുണ്ടോ? നമ്മെ എല്ലാവരേക്കാളും താണവരായി മനസ്സിലാക്കുംവിധം നമ്മുടെ ഉള്ളിൽ വിനയവും എളിമയും ഉണ്ടായിക്കഴിഞ്ഞിട്ടുണ്ടോ? സേവനത്തിന് അവസരം ലഭിക്കുമ്പോൾ പിന്മാറിക്കളയുന്നുണ്ടോ? നമുക്കും നമ്മുടെ ബന്ധുക്കൾക്കെതിരിൽ സാക്ഷി പറയേണ്ട ഘട്ടം വരുമ്പോൾ സത്യസന്ധമായി സാക്ഷ്യം പറയാനുള്ള കരുത്ത് നാം ആർജ്ജിച്ചിട്ടുണ്ടോ? സത്യം എന്നെന്നും നിലനിർത്തുന്നതിനുവേണ്ടി ശ്രമിക്കാൻ നാം പ്രാപ്തരായിട്ടുണ്ടോ? ദീനീപരമായ ആവശ്യങ്ങൾ പൂർത്തിയാക്കാൻ നാം സദാ ഒരുക്കമാണോ? ദുനിയാവിനേക്കാൾ ദീനിനെ മുന്തിക്കുമെന്ന നമ്മുടെ വാദം മാത്രമാണോ നമ്മളിലുള്ളത്? എല്ലാത്തിനേക്കാളുമുപരി നാം അല്ലാഹുവിന്റെ ഏകത്വം സ്ഥാപിക്കുന്നതിനുവേണ്ടി പരിശ്രമിക്കുന്നുണ്ടോ? അല്ലാഹുവിനെയല്ലാതെ മറ്റാരേയും ആരാധിക്കുകയില്ലെന്ന് പറയുന്നുണ്ടെങ്കിലും ചെറിയ ചെറിയ ബിംബങ്ങൾ നമ്മളിൽ കുടിയിരിക്കുന്നുണ്ടോ? അഞ്ചുനേര നിസ്കാരങ്ങളിൽ അലസത കാണിക്കുന്നുണ്ടോ? അലസത കാണിക്കുന്നതായി എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഞാനുമായി കൂടിക്കാഴ്ച നടത്തുന്ന ഘട്ടങ്ങളിൽ ഞാനത് പരീക്ഷിച്ചിട്ടുള്ളതാണ്. നിസ്കാരം കൃത്യമായി അനുഷ്ഠിക്കാറുണ്ടോ എന്ന് ചോദിക്കുമ്പോൾ ശ്രമിക്കുന്നുണ്ട് എന്നായിരിക്കും മറുപടി. അല്ലെങ്കിൽ എങ്ങും തട്ടാതെയുള്ള മറുപടിയായിരിക്കും പറയുക. വാസ്തവത്തിൽ നമസ്കാരത്തെക്കുറിച്ച് അല്ലാഹു അത് നിലനിറുത്താനും ജമാഅത്തോടുകൂടി അതനുഷ്ഠിക്കാനും കല്പിക്കുന്നു. നിശ്ചിതസമയത്തുതന്നെ നിസ്കരിക്കാനാണ് കല്പന. അവൻ പറയുന്നു: '***ഇന്നസ്സ്വലാത്ത കാനത്ത് അലൽ മുഅ്മിനീന കിതാബൻമ്മൗഖൂത്താ***' നിശ്ചയമായും നിസ്കാരം സമയനിർണ്ണയം ചെയ്യപ്പെട്ട ഒരു നിർബ്ബന്ധകൃത്യമാകുന്നു. (4:104)

ഹസ്റത്ത് മസീഹ് മൗഊദ്(അ) ഇത് സംബന്ധമായി പറയുന്നു. "നിസ്കാരം അതിന്റെ സമയത്ത് നിസ്കരിക്കുന്നത് സ്വതേതന്നെ ഞാൻ ഇഷ്ടപ്പെടുന്നു. നിസ്കാരം ഭരമേല്പിച്ചിട്ടുള്ള വിഷയങ്ങളെ അങ്ങേയറ്റം ഞാൻ സ്നേഹിക്കുന്നു." നിശ്ചിതസമയത്ത് നിസ്കരിക്കുന്നത് അവിടെനില്ക്കട്ടെ, അധികപേരും നിസ്കാരത്തിൽ അലസത കാണിക്കുകയാണ് ചെയ്യുന്നത്. ഇങ്ങനെ ചെയ്തുകൊണ്ട് '***ഹാഫിളൂ അലസ്സ്വലവാത്തി വസ്സ്വലാത്തിൽ വുസ്താ വഖൂമു ലില്ലാഹി കാനിത്തീൻ***' (എല്ലാ നിസ്കാരങ്ങളും വിശിഷ്യാ, മദ്ധ്യനിസ്കാരവും നിങ്ങൾ സസൂക്ഷ്മം നിലനിർത്തുക. നിങ്ങൾ അല്ലാഹുവിന്റെ മുന്നിൽ അനുസരണമുള്ളവരായിത്തീരുക. 2:239) എന്ന കല്പനയനുസരിച്ച് പ്രവർത്തിക്കുകയാണോ നാം ചെയ്യുന്നത്? അതുകൊണ്ട് ഓരോ അഹ്മദിയും നിസ്കരിക്കുന്ന കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അത് അതിന്റെ സമയത്തുതന്നെ നിർവ്വഹിക്കേണ്ടതാണ്. നിങ്ങൾക്ക് നിങ്ങളെ അല്ലാഹുവിന്റെ സംരക്ഷണയിൽ കൊണ്ടുവരണമെങ്കിൽ, തൗഹീദ് സ്ഥാപിക്കുന്നവരെന്ന് വാദിക്കുന്നവരാകണമെങ്കിൽ നിങ്ങളുടെ ആരാധനയുടെ നിലവാരം മെച്ചപ്പെടുത്തേണ്ടതായി വരും. നിങ്ങളുടെ നിസ്കാരവും സംരക്ഷിക്കേണ്ടതായി വരും. ജോലി തുടങ്ങിയ കാരണങ്ങളാൽ ളുഹ്ർ നിസ്കാരം നിങ്ങൾ ഉപേക്ഷിക്കുകയാണെങ്കിൽ, നിസ്കാരത്തെ സംരക്ഷിക്കുന്നവരാണെന്ന് പറയപ്പെടുകയില്ല. എന്നല്ല, അപ്പോൾ അല്ലാഹുവിന്നെതിരിൽ നിങ്ങളുടെ ജോലിയെയാണ് നിങ്ങളുടെ സംരക്ഷകനായി നിങ്ങൾ മനസ്സിലാക്കുന്നത്. സുബ്ഹി നമസ്കാരം ഉറക്കം കാരണത്താൽ നിശ്ചിതസമയത്ത് അനുഷ്ഠിക്കുന്നില്ലെങ്കിൽ നമ്മുടെ മനസ്സിൽ അല്ലാഹുവിനോടുള്ള ഭയമുണ്ടെന്നും അവന്റെ മുമ്പിൽ കുനിയുന്നവരാണെന്നുമുള്ള വാദം തെറ്റാണ്. ഇപ്രകാരം മറ്റ് ഏത് നിസ്കാരവും നിർബ്ബന്ധമായ ഘട്ടത്തിലൊഴികെ, നിശ്ചിത സമയത്ത് അനുഷ്ഠിക്കുന്നില്ലെങ്കിൽ അത് നിങ്ങൾക്കെതിരെ സാക്ഷി പറയുന്നതായിരിക്കും. അല്ലാഹുവിനെ ഭയപ്പെടുന്നവരാണെന്ന് നിങ്ങൾ വാദിക്കുന്നു. പക്ഷെ, അതിന്നെതിരായി നിങ്ങളുടെ കർമ്മം സാക്ഷി പറയും.

ഈ നിസ്കാരങ്ങളിലുള്ള അശ്രദ്ധ ഇങ്ങനെ തന്നെ നിലനില്ക്കുകയാണെങ്കിൽ, നിസ്കാരത്തെ സംരക്ഷിക്കണമെന്ന ചിന്തയില്ലെങ്കിൽ അല്ലാഹു നമ്മുടെ പ്രാർത്ഥന കേൾക്കുന്നില്ലായെന്ന് പറഞ്ഞ്

മുറവിളികൂട്ടാൻ പാടില്ലാത്തതാണ്. നിസ്കാരത്തെ സംരക്ഷിക്കുകയും സൂക്ഷിക്കുകയും ചെയ്യുക എന്നതുതന്നെയാണ് നമ്മയേയും നമ്മുടെ മക്കളേയും പാപങ്ങളിൽനിന്നും തെറ്റായ പ്രവൃത്തികളിൽനിന്നും പരിശുദ്ധരാക്കി വെക്കുന്ന കോന്തല. നമ്മുടെ നിസ്കാരത്തിലുള്ള കൃത്യനിഷ്ഠ തീർച്ചയായും നമ്മുടെ മക്കളിലും ആ ആത്മാവുണ്ടാക്കിത്തീർക്കും. അതായത്, മാതാപിതാക്കൾ ചെയ്യുന്നതുപോലെ, നിസ്കാരത്തിൽ കൃത്യനിഷ്ഠ പാലിക്കണമെന്ന ബോധം കുട്ടികളിലും ഉണ്ടായിത്തീരും. ഇക്കാര്യം കുട്ടികളുടെ ബോധമണ്ഡലത്തിൽ കുടിയിരിക്കുമ്പോൾ ആയിരക്കണക്കിന് തിന്മകളും വൃത്തികേടുകളും നിറഞ്ഞുനില്ക്കുന്ന ഈ പാശ്ചാത്യസമൂഹത്തിൽ തങ്ങളുടെ മക്കളും പെട്ടുപോകുമോ എന്ന ചിന്തയിൽനിന്ന് മാതാപിതാക്കൾ സ്വതന്ത്രരാവുകയും ചെയ്യും. ഇതിനുവേണ്ടി അവർ ദുആയ്ക്കെഴുതുകയും പറയുകയും ചെയ്യാറുള്ളതാണ്. അവർ സ്വയം പരിശ്രമിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നുമുണ്ടാകും. അതുകൊണ്ട് നിങ്ങളുടെ കുട്ടികളെ ഈ അഴുക്കുകളിൽനിന്നും മാലിന്യങ്ങളിൽനിന്നും രക്ഷിക്കണമെങ്കിൽ നിസ്കാരം കൃത്യനിഷ്ഠയോടെ അനുഷ്ഠിക്കാൻ നിങ്ങൾ പരിശ്രമിക്കുക. ഈ അഴുക്കുകളിൽനിന്നും മാലിന്യങ്ങളിൽനിന്നും രക്ഷിക്കാമെന്നുള്ള ജാമ്യം അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് ഇപ്പോൾ നല്കിക്കൊണ്ടിരിക്കുന്നത് ഈ കുട്ടികളുടെ നിസ്കാരമാണ്. അവൻ പറയുന്നു: "***ഇന്നസ്സ്വലാത്ത തൻഹാ അനിൽഫഹ്ശായി വൽമുൻകർ***" തീർച്ചയായും നിസ്കാരം നീചകൃത്യങ്ങളേയും നിഷിദ്ധകർമ്മങ്ങളേയും തടയുന്നു. (29:46) അതായത്, ഈ നിസ്കാരം സൂക്ഷ്മതയോടെ അനുഷ്ഠിക്കുന്ന കാരണത്താൽ നിസ്കാരം മുഖേന ആത്മാർത്ഥതയോടെ എന്റെ സന്നിധിയിൽ വരുന്നവർക്ക് ജാമ്യം നില്ക്കേണ്ട ബാദ്ധ്യത എന്റേതാണെന്ന് അല്ലാഹു പറയുന്നു. അതായത്, ലോകത്തിലെ അഴുക്കുകളിൽനിന്നും മാലിന്യങ്ങളിൽനിന്നും അവരെ നന്മകളിലും തഖ്വയിലും നിർത്തുകയും തഖ്വയിൽ പദമൂന്നിയവരിൽ ഉൾപ്പെടുത്തുകയും ചെയ്യേണ്ട ചുമതല അല്ലാഹു ഏറ്റെടുക്കുന്നു. അതുകൊണ്ട് ഏറ്റവും അടിസ്ഥാനപരമായ കാര്യമാണ് നിസ്കാരം. ഇതിന്റെ പരിശീലനം, ഇത് കൃത്യമായി അനുഷ്ഠിക്കണമെന്നുള്ള ദൃഢനിശ്ചയം നിങ്ങൾ ഈ ജൽസയുടെ ദിനങ്ങളിൽ ചെയ്യേണ്ടതാണ്. നിസ്കാരങ്ങളിൽ ബലഹീനരായവർ ഈ ദിനങ്ങളിൽ ഇതിനോടുള്ള കടമ നിറവേറ്റിക്കൊണ്ട് ഇതിൽ കൃത്യനിഷ്ഠ പാലിക്കാൻ ശ്രമിക്കേണ്ടതാണ്. ഈ ദിനങ്ങളിൽ ജൽസയും എന്റെ പര്യടനവും മറ്റു ജോലിത്തിരക്കും കാരണത്താൽ കുറച്ചുദിവസത്തേക്ക് നിസ്കാരം ജംആക്കി നിസ്കരിക്കുന്നതായിരിക്കും. അതുകൊണ്ട് കുട്ടികളും യുവാക്കളും നിസ്കാരത്തിൽ മടിയുള്ളവരും നിസ്കാരം ജംആക്കി നമസ്കരിക്കുന്നത് നമ്മുടെ ജീവിതത്തിന്റെ ഭാഗമാണെന്ന് ഒരിക്കലും കരുതരുത്. അല്ലാഹുവിന്റെ കല്പന, നിസ്കാരം നിശ്ചതസമയങ്ങളിൽ അനുഷ്ഠിക്കണം എന്നുതന്നെയാണ്. അപ്പോൾ അതനുസരിച്ചാണ് നാം പ്രവർത്തിക്കേണ്ടത്; യാത്രക്കാരോ, അതുപോലുള്ള അനുവദനീയമായ മറ്റെന്തെങ്കിലും ആവശ്യമോ ഉണ്ടായാലൊഴികെ. ഉദാ: ഇപ്പോൾ ഇവിടെ ചില സ്ഥലങ്ങളിൽ ഒമ്പതേകാലിനോ, ഒമ്പതരയ്ക്കോ ഒമ്പതേമുക്കാലിനോ ആണ് സൂര്യനസ്തമിക്കുന്നത്. അപ്പോൾ മഗ്രിബും ഇശായും ജംആക്കി നിസ്കരിക്കാറുണ്ട്. സമയം മാറുമ്പോൾ ഇത് പാടില്ലാത്തതാണ്. ദീനിൽ എളുപ്പമുണ്ടെന്നത് ശരിതന്നെ. നമുക്ക് അത് പ്രയോജനപ്പെടുത്തുകയും ചെയ്യാം. ഈ മാർഗ്ഗം സ്വീകരിക്കുന്നത് ഭൗതികമായ ഏതെങ്കിലും കാരണത്താലോ മടികൊണ്ടോ ആയിരിക്കരുത്. നിസ്കാരത്തിൽ ബലഹീനരായിട്ടുള്ളവർ നിശ്ചിതസമയം തെറ്റിച്ചും അനാവശ്യമായി ജംആക്കിയും നിസ്കരിക്കുന്നവരാണ്. ചിലയാളുകൾ നിസ്കാരം മുഴുവനും നിർവ്വഹിക്കുകയില്ല. അവരും ദുആയുടെ അന്തരീക്ഷം നിറഞ്ഞുനില്ക്കുന്ന ഈ ദിനങ്ങൾ പ്രയോജനപ്പെടുത്തി സ്വയം ഉള്ളിൽ മാറ്റംവരുത്താൻ ശ്രമിച്ചും അല്ലാഹുവിന്റെ സന്നിധിയിൽ കുമ്പിട്ടും അവനോട് സഹായമർത്ഥിച്ചും അവരുടെ നിസ്കാരത്തെ സംരക്ഷിച്ചു നിർത്തുന്നതിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. ഓരോ ചുവടിലും ശയ്ത്താൻ നിലയുറപ്പിച്ചിട്ടുണ്ട്. അല്ലാഹുവിൽനിന്ന് മനുഷ്യനെ അകറ്റിക്കൊണ്ടുപോകാനാണ് അവൻ ശ്രമിക്കുന്നത്. ഇതിന്നെതിരിൽ പോരാടുക. അല്ലാഹുവിന്റെ അഭയത്തിൽ വരാൻ ശ്രമിക്കുക. നബി(സ)യുടെ വിരിപ്പും പുതപ്പും ആരാധനയായിരുന്നു. എന്നിട്ടും അവിടന്ന് അല്ലാഹുവിന്റെ അഭയത്തിലിരിക്കാൻ പ്രാർത്ഥിക്കാറുണ്ടായിരുന്നു. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് ഇബ്നു അബ്ബാസ്(റ) നിവേദനം ചെയ്യുന്നു. നബി(സ) ഇങ്ങനെ പ്രാർത്ഥിക്കുമായിരുന്നു: "അല്ലാഹുവേ ഞാൻ നിന്നോട് നിന്റെ വലിപ്പം മദ്ധ്യസ്ഥമാക്കി അഭയം തേടുന്നു. നിന്നെക്കൂടാതെ ഒരാരാധ്യനുമില്ല. ജിന്നും ഇൻസും മരിക്കുന്നവരാണ്. എന്നാൽ നീ മരണമില്ലാത്തവനാണ്."

ഇതിന്റെ അടിസ്ഥാനത്തിൽ ദൈവദാസരായിതീരുന്നതിനും അവനെ ആരാധിക്കുന്നതിലേക്ക് ശ്രദ്ധിക്കുന്നതിനും അവന്റെ അഭയത്തിൽ വരുന്ന

തിനും ശയ്ത്താന്റെ ആക്രമണത്തിൽനിന്ന് രക്ഷപ്പെടുന്നതിനും അവൻ എന്നെന്നും നിലനില്ക്കുന്നവനും എല്ലാത്തിനേയും നിലനിർത്തുന്നവനുമാണെന്നും മറ്റെല്ലാം നശിച്ചുപോകുന്നതാണെന്നും സദാ ഓർക്കുന്നതിനുംവേണ്ടി പാപപ്പൊറുതി തേടിക്കൊണ്ട് അവന്റെ അഭയത്തിലേക്ക് വരേണ്ടത് നമ്മൾ ഓരോരുത്തരുടേയും കടമയാണ്. ഇതിന്നായി അവന്റെ അനുഗ്രഹം തേടിക്കൊണ്ടിരിക്കേണ്ടതുമാണ്. അല്ലാഹു നമ്മെ അനുഗ്രഹിക്കുകയും അവനെ ആരാധിക്കുന്നവരാക്കി തീർക്കുകയും ചെയ്യുമാറാകട്ടെ. ആരാധനയുടെ ഉന്നതമായ നില ഉണ്ടായിക്കഴിഞ്ഞാൽ, അല്ലെങ്കിൽ ആ നില കരസ്ഥമാക്കാൻ അല്ലാഹുവിന്റെ മുമ്പിൽ കുമ്പിട്ടുകൊണ്ട് ശ്രമം തുടങ്ങിയാൽ മറ്റ് നന്മകളും മനുഷ്യനെ അല്ലാഹുവിന്റെ സമീപത്തേക്ക് കൊണ്ടുപോകാനുള്ള മാർഗ്ഗമായിത്തീരും.

ഞാൻ പറഞ്ഞതുപോലെ ഇതിന്നായി അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള കടമ നിറവേറ്റേണ്ടതാണ്. കാരണം മനുഷ്യൻ ആത്മാർത്ഥതയോടെ അല്ലാഹുവിന് മുമ്പിൽ കുനിയുന്നവനും നിസ്കരിക്കുന്നവനുമായിരിക്കെ ജനങ്ങളുടെ അവകാശങ്ങൾ ധ്വംസിക്കുന്നവാനാകാൻ തരമില്ല. ഇതുരണ്ടും വിഭിന്നങ്ങളായ കാര്യങ്ങളാണ്. അത് രണ്ടും ഒന്നിച്ചുപോകുന്നതാണെങ്കിൽ അല്ലാഹു പറഞ്ഞതിന് വിരുദ്ധമാകും. ചിലർ നിസ്കരിക്കുകയും ജനങ്ങളുടെ അവകാശങ്ങൾ ധ്വംസിക്കുകയും ചെയ്യുന്നവരായി കണ്ടുവരുന്നുണ്ട്. അവർ ആത്മാർത്ഥതയോടെ അല്ലാഹുവിനെ വിളിക്കുന്ന നിസ്കാരക്കാരിൽപ്പെട്ടവരല്ല, അവർ ***ഫവയ്ലുല്ലിൽ മുസല്ലീൻ*** എന്ന് പറഞ്ഞിട്ടുള്ളവരിൽപെട്ടവരാണ്. അത്തരം നിസ്കാരക്കാർക്ക് നാശമാണ്. കാരണം അല്ലാഹു പറയുന്നത് നിസ്കാരം അതിന്റേതായ നിലയിൽ അനുഷ്ഠിക്കുന്നവരെ താൻ നന്മയിലൂടെ നടത്തുന്നു എന്നാണ്. നമ്മളിൽ ഓരോരുത്തരും ഈ ചിന്തയോടെ ആത്മപരിശോധന നടത്തിക്കൊണ്ടിരിക്കണം. മറ്റുള്ളവരോടുള്ള കടമ നിറവേറ്റുന്ന കാര്യത്തിലും ശ്രദ്ധയുണ്ടായിരിക്കണം. പരസ്പര സ്നേഹത്തിന്റേയും സാഹദോര്യത്തിന്റേയും അന്തരീക്ഷം ഉണ്ടാകുന്നതിനുവേണ്ടി പരിശ്രമിക്കുകയും വേണം. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ, "ദയാവായ്പിന്റേയും പരസ്പരസ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും കാര്യത്തിൽ ഒരാൾ മറ്റൊരാൾക്ക് മാതൃകയായിത്തീരുക. സ്നേഹത്തിന്റേയും പ്രിയത്തിന്റേയും വിനയത്തിന്റേയും പരസ്പര ത്യാഗത്തിന്റേയും റൂഹ് ഉണ്ടാകുമ്പോഴാണ് തഖ്വയുടെ ഉന്നതമായ നില ഉണ്ടായിവരുന്നത്. കാരണം തന്റെ സഹോദരനോട് സ്നേഹമില്ലാത്തവന്റേയും സഹോദരനെക്കുറിച്ച് ചിന്തിക്കാത്തവന്റേയും ഭാര്യാമക്കളോട് വിനയത്തോടെ പെരുമാറാത്തവന്റേയും പരസ്പരം അവകാശങ്ങൾ അംഗീകരിച്ച് ജീവിക്കാത്ത ഭാര്യാഭർത്താവിന്റെയും ഔദ്യോഗികസ്ഥാനത്തെ ദുരുപയോഗം ചെയ്യുന്നവന്റേയും ഹൃദയം തഖ്വയില്ലാത്തതാണ്. അഹങ്കാരവും അഹംഭാവവും അതുപോലുള്ള മറ്റ് ചിന്താഗതികളും വെച്ചുപുലർത്തുന്നവരുടെ ഹൃദയം തഖ്വയില്ലാത്തതാണ്. അറിവിന്റെ കാര്യത്തിൽ മറ്റുള്ളവരെ ഇകഴ്ത്തിക്കാണുന്നവനും തഖ്വയില്ലാത്തവനാണ്. എന്നാൽ തങ്ങളുടെ ആരാധനകളോടൊപ്പം വിനയവും വണക്കവും കാണിക്കുകയും ദൈവദാസരെ ആദരിക്കുകയും സ്നേഹിക്കുകയും സൃഷ്ടികളോടുള്ള കടമ നിറവേറ്റുകയും അവരുടെ ബുദ്ധിമുട്ടുകളെ സ്വന്തം ബുദ്ധിമുട്ടുകളായി മനസ്സിലാക്കുകയും ചെയ്യുന്നവർ, അതെല്ലാം ചെയ്യുന്നത് അല്ലാഹുവിനോടുള്ള ഭയം അവരുടെ ഹൃദയത്തിലുള്ളതുകൊണ്ടാണ്. അവരിത് ചെയ്യുന്നത് അല്ലാഹുവിന്റെ പ്രീതി സമ്പാദിക്കുവാൻ വേണ്ടിയാണ്. അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള സ്നേഹമാണ് അവരെ അല്ലാഹുവിനെ സ്നേഹിക്കാൻ നിർബ്ബന്ധിതരാക്കിയത്. ഇത്തരക്കാരാണ് അല്ലാഹുവിൽനിന്ന് അതിരറ്റ പാരിതോഷികം കരസ്ഥമാക്കുന്നവർ. അത്തരക്കാരെക്കുറിച്ച് അല്ലാഹു പറയുന്നു. ഒരു ഹദീസിൽ വന്നിരിക്കുന്നു. നബി(സ) പറഞ്ഞു. "എന്റെ പ്രതാപത്തിനും മഹത്വത്തിനും വേണ്ടി പരസ്പരം സ്നേഹിച്ചിരുന്നവർ എവിടെയെന്ന് അല്ലാഹു ഖിയാമത്തുന്നാൾ ചോദിക്കും. ഇന്ന് എന്റെ തണലല്ലാതെ മറ്റൊരു തണലുമില്ല. കാരുണ്യത്തിന്റെ തണലിൽ ഇടം നല്കുന്നവൻ ഞാൻ തന്നെയാണ്."

നോക്കുക. ഹൃദയത്തിൽ തഖ്വ വെച്ചുകൊണ്ട്, അല്ലാഹുവിന്റെ മഹത്വത്താൽ പരസ്പരം സ്നേഹിക്കുന്നവർ അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള കടമ നിർവ്വഹിക്കുന്നില്ലെങ്കിൽ അവന്റെ വെറുപ്പിന് കാരണക്കാരാകും എന്ന് കരുതി ഭയപ്പെടുന്നവരാണ്. അക്കൂട്ടരാണ് അല്ലാഹുവിന്റെ ഇഷ്ടം കരസ്ഥമാക്കുന്നവർ. അതുകൊണ്ട് ഈ റൂഹ് അഥവാ ചൈതന്യം ഓരോ അഹ്മദിയുടേയും ഹൃദയത്തിൽ ഉണ്ടാകേണ്ടതാണ്. കാരണം ഇക്കാലത്ത് ഹസ്റത്ത് മസീഹ് മൗഊദ് (അ)നെ വിശ്വസിച്ചശേഷം ലോകത്തിന്റെ സ്വഭാവസംസ്കരണമെന്ന ചുമതല ഭരമേല്പിക്കപ്പെട്ടിട്ടുള്ള ജനത നിങ്ങൾ മാത്രമാണ്. അല്ലാഹുവിനെ സ്നേഹിക്കുന്നുവെന്നും അല്ലാഹുവിന്റെ സ്നേഹം കിട്ടണമെന്നും അല്ലാഹുവിന്റെ തൃപ്തി ലഭിക്കണമെന്നും ആഗ്രഹമുണ്ടെങ്കിൽ അല്ലാഹുവിന്റെ സൃഷ്ടി

കളെ സ്നേഹിക്കേണ്ടതാണ്. അവന്റെ സ്നേഹം ലഭിക്കാനും സ്വന്തം പര്യവസാനം ശുഭമായിരിക്കാനും അവന്റെ കാരുണ്യത്തിന്റെ തണലിൽ ഇടം കിട്ടാനും ഇത് കൂടിയേത്തീരൂ. ജൽസയുടെ ഈ ദിനങ്ങൾ ഇക്കാര്യങ്ങൾ ഉണ്ടാക്കിയെടുക്കുന്നതിനുവേണ്ടിയുള്ള പരിശീലനം എന്ന നിലയിലുള്ളതാണ്. ഇന്നുമുതൽ ഇത് തുടങ്ങുക. ആത്മീയമായനില ഉയർത്തണമെന്നുള്ള വിചാരം ഓരോ ഹൃദയത്തിലും ഉണ്ടാകണം. പരസ്പരം വെറുക്കുന്നവർ ആലിംഗനം ചെയ്യുക. പിണങ്ങിയിരിക്കുന്നവർ ഇണങ്ങുക. പരിഭവവും പരാതിയുമായിരിക്കുന്നവർ മനസ്സിൽനിന്ന് അതെടുത്ത് പുറത്തേക്കെറിയുക. ഈ ദിനങ്ങളിൽ ആരാധനയ്ക്കൊപ്പം സ്നേഹം വിതരണം ചെയ്യാനുള്ള പരിശീലനം നടത്തുക. പൂർവ്വവൈരാഗ്യം വിപാടനം ചെയ്യുമെന്ന് പ്രതിജ്ഞ ചെയ്യുക. മുൻവൈരാഗ്യത്തെക്കുറിച്ച് ഓർക്കുകപോലും ചെയ്യാതെ പരസ്പരം കെട്ടിപ്പുണരുക. ഒരാൾ മറ്റൊരാളോട് ചെയ്തിട്ടുള്ള അതിക്രമം പാടെ മറക്കുക. ആർക്കും നഷ്ടമുണ്ടാക്കാൻ ശ്രമിക്കരുത്. അല്ലാഹുവിന്റെ തിരുമുമ്പിൽ സമർപ്പിക്കപ്പെട്ട ആരാധനാകർമ്മങ്ങളും അല്ലാഹുവിനുവേണ്ടി അവന്റെ സൃഷ്ടികളോട് ചെയ്തിട്ടുള്ള നന്മകളും അവന്റെ പക്കൽ സ്വീകാര്യയോഗ്യമായി തീരുന്നതിനും വേണ്ടി യഥാർത്ഥ സത്യവിശ്വാസിയായി ജീവിക്കേണ്ടതാണ്. ഇതെല്ലാം നബി(സ) പറഞ്ഞിട്ടുള്ളതുപോലെ ചെയ്യുമ്പോഴാണ് നാം യഥാർത്ഥ സത്യവിശ്വാസിയായിത്തീരുന്നത്. ഇത് സംബന്ധമായി ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് ആമിർ(റ) പറയുന്നു. ഞാൻ നുഅ്മാനുബ്നു ബശീർ ഇങ്ങനെ പറയുന്നതായി കേട്ടു. നബി (സ) പറഞ്ഞു: "നീ സത്യവിശ്വാസികളെ അവരുടെ പരസ്പരമുള്ള പെരുമാറ്റത്തിലും സ്നേഹത്തിലും ദയയിലും ഒരു ശരീരത്തെപ്പോലെ കാണുന്നതാണ്. ശരീരത്തിന്റെ ഒരു ഭാഗത്തിന് രോഗം ബാധിക്കുമ്പോൾ ശരീരം മുഴുവൻ ദുഃഖവും വിഷമവും അനുഭവിക്കുന്നു."

നിങ്ങളുടെ ചുറ്റുപാടുമുണ്ടായിട്ടുള്ള തിന്മകളെ അകറ്റുന്നതിന് ഒരു ശരീരത്തെപ്പോലെ നിന്നുകൊണ്ട് പ്രവർത്തിക്കാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. എനിക്ക് വേദനയോടെ പറയേണ്ടിവരുന്നു. കാനഡയിൽ വിവാഹത്തിനുശേഷം ഭാര്യ-ഭർത്തൃ ജീവിതത്തിൽ വിള്ളലുകൾ പെട്ടെന്നാണ് ഉണ്ടാകുന്നത്. ഇതിൽ കൂടുതൽ കുറ്റക്കാർ ദമ്പതികളുടെ മാതാപിതാക്കളാണെന്ന് മനസ്സിലാകുന്നു. സഹിക്കാനുള്ള സന്മനസ്സ് അല്പംപോലും അവരിൽ ഉണ്ടാകുന്നില്ല. പെണ്ണുമായി ഒരു അണ്ടർസ്റ്റാന്റിംങ്ങും ചെറുക്കനുണ്ടാകാൻ പാടില്ലെന്ന രീതിയിൽ ചെറുക്കന്റെ മാതാപിതാക്കൾ പ്രവർത്തിക്കുന്നു. തന്റെ മകൻ കയ്യിൽനിന്ന് വിട്ടുപോവുമോ എന്ന ഭയം നിമിത്തം പരസ്പരവിശ്വാസത്തോടെ ഭാര്യാഭർത്താക്കന്മാരായി ജീവിക്കാൻ അവരെ അനുവദിക്കുന്നില്ല. പാക്കിസ്ഥാനിൽനിന്ന് വിദേശത്തേക്ക് കടക്കാൻ വേണ്ടി ചിലർ വിവാഹം കഴിക്കാറുണ്ട്. ഇവിടെ വന്നതിനുശേഷം അവർ ആ ബന്ധം വിച്ഛേദിക്കുന്നു. അത്തരക്കാർക്ക് ഒരു ഭയവുമില്ല. ഈ യുവാക്കൾ അല്പമെങ്കിലും അല്ലാഹുവിനെ ഭയപ്പെടേണ്ടതാണ്. നിങ്ങൾക്ക് പെൺകുട്ടിയെ വിവാഹം കഴിച്ചുതരുന്ന ആളുകൾ നിങ്ങളോട് ഔദാര്യമാണ് ചെയ്തിട്ടുള്ളത്. അതുകൊണ്ടാണ് നിങ്ങൾ ഇവിടെ വന്നതും. വിദ്യാഭ്യാസയോഗ്യതയൊന്നും നിങ്ങൾക്കുണ്ടായിട്ടില്ല. ഏജന്റു മുഖേനയാണ് വരികയെങ്കിൽ, പതിനഞ്ചും ഇരുപതും ലക്ഷം രൂപ ചെലവായിട്ടുണ്ടാകും. നിങ്ങൾ ഇവിടെ സൗജന്യമായി വന്നു. ഇവിടെ വരുന്ന മിക്ക യുവാക്കളും ടിക്കറ്റിന് വരുന്ന ചെലവും ഭാര്യവീട്ടുകാരോട് ചോദിച്ചുവാങ്ങുന്നവരാണ്. ഇവിടെ വന്നതിനുശേഷം ഓരോ തന്ത്രവും ആസൂത്രണം ചെയ്യുന്നു. വേറെ വിവാഹം കഴിക്കാൻ നോക്കുന്നു. അല്ലെങ്കിൽ മുൻകൂട്ടി ആസൂത്രണം ചെയ്തുവെച്ചിട്ടുള്ള വിവാഹം നടത്തുന്നു. ഇതിൽ ഇത്തരം യുവാക്കളുടെ മാതാപിതാക്കളും ഭാഗഭാക്കാണ്. അവർ ഇവിടെ വസിക്കുന്നവരാകാം, അല്ലെങ്കിൽ, പാക്കിസ്ഥാനിൽ താമസിക്കുന്നവരാകാം. ചില ഉമ്മമാർ പെൺകുട്ടികളെ മോശക്കാരാക്കാറുണ്ട്. മകൾ മുഖേന അവരുടെ ഭർത്താവിനോട് വിവിധതരം ആവശ്യങ്ങൾ ഉന്നയിക്കുന്നു. അത്തരക്കാർക്ക് അല്പമെങ്കിലും ദൈവഭയം ഉണ്ടാകണം. ചില ഭർത്താക്കന്മാർ തങ്ങളുടെ ഭാര്യമാരുടെ സ്വത്ത് തട്ടിയെടുക്കാനുള്ള തത്രപ്പാടിലായിരിക്കും. അവർക്ക് മക്കളും ഉണ്ടായിട്ടുണ്ടാകും. എങ്കിലും കുട്ടികൾക്കുവേണ്ടി ത്യാഗം ചെയ്യുന്നതിന് പകരം നിയമത്തെ കയ്യിലെടുത്ത് ബന്ധം വേർപെടുത്തി സ്വത്തുക്കൾ കൈക്കലാക്കുന്നു. വിഡ്ഢിത്തം കൊണ്ട് ഭാര്യ തന്റെ സ്വത്ത് രണ്ടുപേരുടേയും പേരിലാക്കിയിട്ടുണ്ടെങ്കിൽ തന്റെ വീതം കൈക്കലാക്കി കുട്ടികളേയും ഉപേക്ഷിച്ച് കടന്നുകളയുന്നു. ചില പുരുഷന്മാർ നിന്ദ്യവും സദാചാരത്തിനു നിരക്കാത്തതുമായ ആക്ഷേപം ഉന്നയിച്ച് തങ്ങളുടെ ഭാര്യമാരെ ഉപേക്ഷിക്കുന്നു. ഇത് ഒരുവിധത്തിലും അനുവദനീയമല്ല. സ്വന്തം ഭാര്യമാരുടെമേൽ ആക്ഷേപങ്ങൾ ഉന്നയിക്കുന്ന അത്തരം ആളുകളുടെ കേസ് 'ഖളാ' കേൾക്കാനേ പാടില്ല. അവരുടെമേൽ സംഘടനാപരമായ നടപടികളെടുത്ത് ജമാഅത്തിൽനിന്ന് പുറത്താക്കാനുള്ള ശിപാർശ അവർ അമീർ സാഹിബിനോട്

ചെയ്യേണ്ടതാണ്. കാനഡ ഉൾപ്പെടെയുള്ള പാശ്ചാത്യരാജ്യങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന സദാചാരവിരുദ്ധമായ സ്വഭാവമാണിത്. ഇത്തരം ആളുകൾ പരസ്പരം പീഡിപ്പിക്കുന്നതിൽ സന്തോഷം കാണുന്നവരാണ്. ചില പെൺകുട്ടികളുടെ ബന്ധം മറ്റെവിടെയെങ്കിലും ഉറയ്ക്കുമ്പോൾ തെറ്റിദ്ധാരണ വരുത്തിക്കൊണ്ട് കത്തുകളെഴുതി അതില്ലാതാക്കുന്നു. അവർക്ക് ഒരു ഭയവുമില്ല. അല്ലാഹുവിന്റെ മഹത്വത്തെക്കുറിച്ചോ പ്രതാപത്തെക്കുറിച്ചോ അവർക്കൊരു ചിന്തയുമില്ല. ദൈവകാരുണ്യത്തിന്റെ തണലിൽനിന്ന് അകന്നിരിക്കുന്നത് അവർക്കൊരു പ്രശ്നമേയല്ല. അല്ലാഹുവിന്റെ റസൂലിന്റെ കല്പനയ്ക്കെതിരിൽ അവർ നടക്കുന്നു. പരസ്പരം ദുഃഖം അറിഞ്ഞുകൊണ്ട് അതകറ്റാൻ ശ്രമിക്കുന്നതിനു പകരം അത് വർദ്ധിപ്പിക്കാനാണ് ശ്രമിക്കുന്നത്. ഒരു മാലയിൽ കോർക്കപ്പെട്ടതിനുശേഷം ഒരാൾ മറ്റൊരാളുടെ ബുദ്ധിമുട്ടുകൾ അറിഞ്ഞ് പ്രവർത്തിക്കണമെന്ന് നബി(സ) എല്ലാ സത്യവിശ്വാസികളോടും പറയുന്നു. ഈ ബന്ധത്തേക്കാൾ ഉയർന്നതാണ് ഭാര്യാഭർത്തൃ ബന്ധം. ഇതൊരു വലിയ ബന്ധമാണ്. ഇതൊരു ഉടമ്പടിയാണ്. ഈ ബന്ധം അല്ലാഹുവിനെ സാക്ഷ്യപ്പെടുത്തിക്കൊണ്ടാണ് നിങ്ങൾ സമ്മതിക്കുന്നത്. തഖ്‌വയിൽ നിലനിന്നുകൊണ്ട് ഒരാൾ മറ്റൊരാളോടുള്ള കടമ നിർവ്വഹിക്കാൻ ശ്രമിക്കുമെന്നും ഏതേതെല്ലാം നന്മകളെയാണ് നാളേക്കുവേണ്ടി ഒരുക്കിവെക്കേണ്ടതെന്നും അടുത്തലോകത്ത് ഉപകാരപ്പെടുന്ന നന്മകൾ ഏതൊക്കെയാണെന്നും മരിച്ചതിനുശേഷം പദവികൾ ഉയരാൻ ഇടയാക്കുന്ന നന്മകൾ ഏതൊക്കെയാണെന്നും തലമുറകളെ നന്മകളിൽ ഉറപ്പിച്ചുനിർത്താൻ കഴിയുന്ന പുണ്യകർമ്മങ്ങൾ ഏതൊക്കെയാണെന്നുമുള്ള ചിന്തയോടെ ജീവിക്കുമെന്ന് നിങ്ങൾ ആ അവസരത്തിൽ ഏറ്റുപറയുന്നു. അല്ലാഹു ഉള്ളിന്റെഉള്ളുപോലും അറിയുന്നവനാണെന്ന, അവന്റെ മുന്നറിയിപ്പിന്റെ കീഴെനിന്നുകൊണ്ടാണ് ഈ ഉടമ്പടി ചെയ്യുന്നതെന്ന കാര്യം മറക്കാൻ പാടില്ല. ജീവിതകൂട്ടുകാരിയോട് എന്തൊന്ന് ചെയ്താലും ചെയ്തുകൊണ്ടിരുന്നാലും ജനങ്ങളിൽനിന്ന് അത് മറച്ചുവെക്കാൻ കഴിഞ്ഞേക്കാം. പക്ഷെ, അല്ലാഹുവിൽനിന്ന് മറച്ചുവെക്കാൻ സാദ്ധ്യമല്ല. അവൻ ഓരോ കാര്യവും അറിയുന്നവനാണ്. മനസ്സിന്റെ അവസ്ഥപോലും അറിയുന്നവനാണ്. എന്റെ ഭാര്യ ഇങ്ങനെയുള്ളവളാണെന്ന് പറഞ്ഞ് ജനങ്ങളെ കബളിപ്പിക്കാം- ചിലപ്പോൾ ഭാര്യമാർ ഭർത്താക്കന്മാർക്കെതിരിലും ഇത്തരം ആക്ഷേപങ്ങൾ ഉന്നയിക്കാറുണ്ട്, പക്ഷെ, അധികവും ഭാര്യമാരുടെമേലാണ് അക്രമം ചെയ്യപ്പെടുന്നത്- എന്നാൽ, അല്ലാഹുവിനെ കബളിപ്പിക്കാൻ കഴിയില്ല. അധികപുരുഷന്മാരും സ്ത്രീയെ വഞ്ചിക്കുന്നതായിട്ടാണ് കാണുന്നത്. അതുകൊണ്ടാണ് ഞാനിത് എടുത്തുപറഞ്ഞതും. പെൺകുട്ടികളും ഇത് ചെയ്യാറുണ്ട്. പക്ഷെ, പുരുഷന്മാരെ അപേക്ഷിച്ച് കുറവാണെന്നു മാത്രം.

ഭാരവാഹികളും പുരുഷന്മാരുടെ പക്ഷം ചേരാൻ ശ്രമിക്കുന്നു. ഇത്തരം പ്രവണതകൾ മാറ്റാൻ ഞാൻ ഭാരവാഹികളോട് പറയുകയാണ്. അല്ലാഹു നിങ്ങൾക്ക് സേവനം ചെയ്യാൻ അവസരം നല്കിയിരിക്കുന്നെങ്കിൽ അത് നല്ലരീതിയിൽ പ്രയോജനപ്പെടുത്തുക. ഇത്തരം പ്രവർത്തനംകൊണ്ട് നിങ്ങൾക്കെതിരെ ശിക്ഷാപരമായ നടപടി സ്വീകരിക്കാൻ ഇടവരുത്തരുത്. പുരുഷന്മാർക്ക് അല്ലാഹു മേന്മ നല്കിയിട്ടുണ്ട്. സഹിക്കാനുള്ള ശക്തിയും അവരിൽ അധികമാണ്. അവരുടെ അവയവങ്ങൾക്ക് കൂടുതൽ ബലവുമുണ്ട്. അതുകൊണ്ട് അല്പസ്വല്പ തെറ്റുകൾ ഭാര്യയുടെ പക്കൽനിന്നുണ്ടായാൽതന്നെ മാപ്പു കൊടുക്കേണ്ടതാണ്.

ഒരിക്കൽ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സദസ്സിൽ ഒരു സഹാബി തന്റെ ഭാര്യയോട് കാണിച്ച അതിക്രമത്തെപ്പറ്റിയുള്ള ചർച്ച നടക്കുകയായിരുന്നു. അടുത്തിരുന്ന സഹാബിമാർ പറയുന്നു: ഹസ്റത്ത് മസീഹ് മൗഊദ്(അ)ന് അപ്പോഴുണ്ടായിരുന്ന കോപം അതിനു മുൻപോ പിൻപോ ഞങ്ങൾ കണ്ടിട്ടില്ല. ഇതേ തെറ്റ് ചെയ്തുകൊണ്ടിരുന്ന മറ്റൊരാളും അവിടെ ഇരിപ്പുണ്ടായിരുന്നു. ആ സഹാബി മസീഹ് മൗഊദ്(അ)ന്റെ അവസ്ഥ കണ്ട് അവിടെനിന്നെഴുന്നേറ്റ് ബാസാറിലേക്ക് പോയി. ഭാര്യയ്ക്കിഷ്ടപ്പെട്ട എന്തോ സാധനം വാങ്ങി വീട്ടിൽകൊണ്ടുപോയി ഭാര്യയ്ക്ക് കൊടുത്തു. എന്നിട്ട് വളരെ സ്നേഹത്തോടെ ഭാര്യയുമായി സംസാരിക്കാൻ തുടങ്ങി. എന്താണീ മാറ്റമെന്നോർത്ത് ഭാര്യ അത്ഭുതപ്പെട്ടു. അവസാനം അവർ ധൈര്യമവലംബിച്ചുകൊണ്ട് അതിനെക്കുറിച്ച് ചോദിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു: ഒരാൾ തന്റെ ഭാര്യയോട് അതിക്രമം കാണിച്ച വിവരമറിഞ്ഞപ്പോൾ മസീഹ് മൗഊദ്(അ)നുണ്ടായ ദേഷ്യം ഞാൻ നേരിൽ കണ്ടു. അതുകൊണ്ട് എന്നെക്കുറിച്ചുള്ള പരാതി ഉണ്ടാകുന്നതിനു മുമ്പേ ഞാൻ എന്റെ സ്വഭാവം മാറ്റുകയാണ്."

മറ്റുള്ളവർക്ക് മാതൃകയാവാൻ ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ ആ സഹാബി പെട്ടെന്നുതന്നെ പശ്ചാത്തപിച്ചു മടങ്ങി. അദ്ദേഹം മാതൃകയാകാൻ ശ്രമിച്ചു. ഇന്ന് എന്റെ മുന്നിലിരിക്കുന്ന അധികമാളുകളും ബൈഅത്ത് ചെയ്ത

തിനുശേഷം മറ്റുള്ളവർക്ക് മാതൃകയാവാൻ ശ്രമിക്കുകയും മാതൃകയാവുകയും ചെയ്ത ആ സഹാബത്തിന്റെ സന്താനങ്ങളിൽപ്പെട്ടവരാണ്. നിങ്ങൾക്കും ആത്മാർത്ഥമായ ബന്ധം ജമാഅത്തുമായിട്ടുണ്ടെങ്കിൽ, ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽ പ്രവേശിച്ചിരിക്കുന്നുവെന്ന് വാദിക്കുന്നുവെങ്കിൽ ആ നന്മകൾ നിങ്ങളും സ്വായത്തമാക്കുക. നന്മയുടെ മാതൃക നമുക്ക് നിലനാട്ടണമെന്നും നമ്മുടെ ഭാര്യമാരുടെ വീഴ്ചകൾ പൊറുത്തുകൊടുക്കണമെന്നും ഇന്ന് പ്രതിജ്ഞ ചെയ്യുക. അതിക്രമം കാണിക്കുന്ന പെൺവീട്ടുകാർ ചെറുക്കന്റെ വീഴ്ചകൾ പൊറുത്തുകൊടുക്കുമെന്ന് പ്രതിജ്ഞ ചെയ്യുക. ഇത്തരം കാര്യങ്ങൾ അവസാനിപ്പിക്കുകയാണെങ്കിൽ വഴക്കുകളും കലഹങ്ങളും കാരണത്താൽ വിവിധ കുടുംബങ്ങളിലും സമൂഹത്തിലും കാണുന്ന കയ്പേറിയ അനുഭവങ്ങൾ അകലുന്നതാണ്. ഈ കുടുംബവഴക്കുകളും ഭാര്യയും ഭർത്താവും തമ്മിലുള്ള കലഹങ്ങളുംകൊണ്ട് വേർപെടേണ്ട ഘട്ടംവരെ കാര്യം എത്തിയിട്ടുണ്ടെങ്കിൽ ഇപ്പോൾ മുതൽതന്നെ പ്രാർത്ഥിക്കുകയും ഈ സംശുദ്ധമായ അന്തരീക്ഷത്തെ പ്രയോജനപ്പെടുത്തി പ്രാർത്ഥനയോടെ ശക്തിയാർജ്ജിക്കുകയും ചെയ്ത് ഈ പൊട്ടിയ ഹൃദയങ്ങളെ കൂട്ടിച്ചേർക്കാൻ ശ്രമിക്കുക.

ഇപ്രകാരംതന്നെ മറ്റു കാരണങ്ങളാൽ സമൂഹത്തിലുണ്ടായിട്ടുള്ള കയ്പുള്ള സംഭവങ്ങളും അഹങ്കാരം കാരണത്താലുണ്ടാകുന്ന വെറുപ്പും വിദ്വേഷവുമെല്ലാം അകറ്റാൻ ശ്രമിക്കുക. തെറ്റുകളും അതിക്രമങ്ങളും വീഴ്ചകളും പരസ്യപ്പെടുത്താതെ പരസ്പരം ഇല്ലാതാക്കാൻ ശ്രമിക്കുക. ദോഷങ്ങൾ പരസ്യപ്പെടുത്തി പരസ്പരം അപമാനപ്പെടുത്തുന്നതിന് പകരം അത് മറച്ചുവെക്കാനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുക. ഓരോരുത്തരും അവരവരുടെ തിന്മകൾ കാണേണ്ടതാണ്. ഒപ്പം അല്ലാഹുവിനെ ഭയപ്പെടുകയും വേണം.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് ഇബ്നു ഉമർ(റ) നിവേദനം ചെയ്യുന്നു. നബി(സ) പറഞ്ഞു. ഒരു മുസ്ലിം മറ്റൊരു മുസ്ലിമിന്റെ സഹോദരനാണ്. ഒരു മുസ്ലിം സഹോദരനും തന്റെ മറ്റൊരു മുസ്ലിം സഹോദരന്റേമേൽ അക്രമം പ്രവർത്തിക്കുകയില്ല. അവനെ തനിച്ചുവിടുകയുമില്ല. ആരാണോ തന്റെ സഹോദരന്റെ ആവശ്യം നിറവേറ്റിക്കൊടുക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത് അല്ലാഹു അവന്റെ ആവശ്യം പൂർത്തീകരിച്ചുകൊണ്ടിരിക്കും. ആരെങ്കിലും തന്റെ മുസ്ലിം സഹോദരന്റെ ഏതെങ്കിലും വിഷമങ്ങൾ അകറ്റിയാൽ അല്ലാഹു ഖിയാമത്തുന്നാൾ അവന്റെ വിഷമങ്ങളിൽനിന്ന് ഒരു വിഷമം കുറവ് ചെയ്തുകൊടുക്കുന്നതാണ്. ആരാണോ തന്റെ മുസ്ലിം സഹോദരന്റെ തെറ്റുകൾ മറച്ചുവെക്കുന്നത് അല്ലാഹു തആല ഖിയാമത്തുന്നാൾ അവന്റെ തെറ്റുകളും മറച്ചുവെക്കുന്നതാണ്. ബാഹ്യവും ആന്തരികവുമായ എല്ലാ കാര്യങ്ങളും നല്ലവണ്ണം അറിയുന്നവനാണ് അല്ലാഹു എന്നും നമ്മൾ ചെയ്യുന്നതും ചെയ്യാത്തതുമെല്ലാം അവൻ അറിയുന്നുണ്ടെന്നും എപ്പോഴും ഓർക്കുക. **നിങ്ങൾ ചെയ്യുന്ന തിന്മകൾ അവൻ ജനങ്ങളുടെ ഇടയിൽ പരസ്യപ്പെടുത്തിയാൽ എന്തായിരിക്കും നിങ്ങളുടെ അവസ്ഥ.** മരിച്ചതിനുശേഷം അല്ലാഹു തെറ്റുകുറ്റങ്ങൾ മറച്ചുവെക്കുകയാണെങ്കിൽ അതിനേക്കാൾ വലുതായി മറ്റെന്താണുള്ളത്? മനുഷ്യൻ പാപിയാണ്. തെറ്റുകളുടെ കളിപ്പാട്ടമാണ്. അതിനൊക്കെ അല്ലാഹു കണക്ക് ചോദിക്കാൻ തുടങ്ങിയാൽ, അത് മറച്ചുവെക്കാതിരുന്നാൽ പിന്നെന്താണ് നമുക്ക് ബാക്കിയുള്ളത്?

അതുകൊണ്ട് മറ്റുള്ളവരുടെ ദുഃഖം സ്വന്തം ദുഃഖമായി കരുതുകയും ആ രീതിയിൽ പരസ്പരം സ്നേഹിക്കുകയും ചെയ്യുക. അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള സഹതാപം നിങ്ങളേയും അല്ലാഹുവിന്റെ സമീപത്തേക്ക് കൊണ്ടുപോകാൻ കാരണമാകുമെന്ന വിചാരത്തോടെ മറ്റുള്ളവരുടെ ആവശ്യങ്ങൾ പൂർത്തിയാക്കികൊടുക്കുക. നിങ്ങളുടെ ആവശ്യങ്ങൾ അവനും പൂർത്തിയാക്കിക്കൊണ്ടിരിക്കുന്നതാണ്. മറ്റുള്ളവരുടെ വിഷമം അകറ്റുമ്പോൾ അല്ലാഹു നിങ്ങളുടെ വിഷമവും അകറ്റിത്തരും. ഞാൻ പറഞ്ഞതുപോലെ ഏറ്റവും വലിയ കാര്യം ഖിയാമത്തുന്നാൾ തെറ്റുകൾ മറച്ചുവെക്കപ്പെടുക എന്നതാണ്. തെറ്റുകുറ്റങ്ങൾ മറച്ചുവെക്കുകയും എപ്പോഴും പൊറുത്തുകൊടുക്കുകയും ചെയ്യുന്ന കൂട്ടരിൽ അല്ലാഹു നമ്മെ ഉൾപ്പെടുത്തുമാറാകട്ടെ. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പാഠമനുസരിച്ചും അവിടത്തെ ആഗ്രഹമനുസരിച്ചും അല്ലാഹുവിനെ ആരാധിക്കുകയും സൃഷ്ടികളോടുള്ള കടമ നിർവ്വഹിക്കുകയും ചെയ്യുന്നവരുടെ ജമാഅത്തായി തീരുക. പരസ്പരം സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും ഉന്നതമായ മാതൃക കാണിക്കുന്നവരായിത്തീരുക. അവിടന്ന് പറയുന്നു: “ബൈഅത്ത് ചെയ്യുന്നതിന്റെ ഉദ്ദേശ്യം ഭൗതികതയോടുള്ള അത്യാസക്തി തണുക്കുകയും അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള സ്നേഹം ഹൃദയത്തിൽ ആധിപത്യം സ്ഥാപിക്കുകയും പരലോകയാത്രയോട് വെറുപ്പ് തോന്നാത്ത ഒരു സ്ഥിതി ഉണ്ടാവുകയും ചെയ്യുക എന്നതാണ്.” നമ്മളിൽ ഓരോരുത്തരും ആത്മപരിശോധന നടത്തി

ക്കൊണ്ടിരിക്കേണ്ടതാണ്. ഇതിനുള്ള അന്തരീക്ഷമാണ് ഇവിടെ കൈവന്നിരിക്കുന്നത്. ഈ മൂന്നു ദിനങ്ങളിൽ ഭൗതികതയിൽനിന്നകന്ന് അല്ലാഹുവിന് മാത്രമായി അവന്റെ തിരുസന്നിധിയിൽ കമ്പിടുകയും അവനോട് സഹായം ചോദിക്കുകയും ചെയ്തുകൊണ്ട് ഈ ഉദ്ദേശ്യം പൂർത്തിയാക്കാൻ ശ്രമിക്കുക. അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള സ്നേഹം എല്ലാ സ്നേഹത്തേയും അതിജീവിക്കുന്നതാകണം. ദുനിയാവിനോടുള്ള സ്നേഹം തണുക്കാത്തിടത്തോളം കാലം ഈ സ്നേഹം വിജയം പ്രാപിക്കുകയില്ല. ജോലിയെ ബാധിക്കും അതുകൊണ്ട് പെട്ടെന്നുപെട്ടെന്ന് നിസ്കരിക്കാമെന്ന് കരുതിയാൽ അത് ഭൗതികതയോടുള്ള വേർപെടലല്ല. ഭൗതികതകളിൽനിന്ന് ബന്ധം വിച്ഛേദിക്കുന്ന കാര്യവുമല്ല. ഭൗതികപ്രവൃത്തികളെ അല്ലാഹു അനുവദിക്കുന്നുണ്ട് എന്നല്ല അല്ലാഹു ജോലിയെടുക്കാൻ അവസരം നല്കുകയും എന്നിട്ട് അതിൽനിന്ന് ഫലമെടുക്കാതിരിക്കുകയും ചെയ്യുന്നത് നന്ദികേടാണ്. പക്ഷെ, ഈ ജോലി ഈ കച്ചവടം, ഈ സ്വത്തുക്കൾ തുടങ്ങിയവ അല്ലാഹുവിൽനിന്ന് അകറ്റിക്കൊണ്ടുപോകുന്നതാണെങ്കിൽ അത്തരം ജോലിയും ഉദ്യോഗവും കച്ചവടവും സ്വത്തുക്കളുമെല്ലാം വലിച്ചെറിയാനേ പറ്റുകയുള്ളൂ. ഉദ്യോഗങ്ങളിലും കച്ചവടങ്ങളിലും അല്ലാഹുവിനെ മറന്നുകൊണ്ട് വഞ്ചനയും ചതിയും കാണിക്കുകയാണെങ്കിൽ അത്തരം ഉദ്യോഗത്തിന്റേയും കച്ചവടത്തിന്റേയും മേൽ ലഅ്നത്തായിരിക്കും ഉണ്ടാവുക. എന്നാൽ അതേ ജോലി അതേ കച്ചവടം അതേ സ്വത്തുക്കൾ അല്ലാഹുവിനോടുള്ള കടമ നിറവേറ്റുന്നതിന് കാരണമാകുകയും അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള കടമ നിറവേറ്റാൻ കാരണമാകുകയും ചെയ്യുന്നുവെങ്കിൽ അതുതന്നെയാണ് മനുഷ്യരെ അല്ലാഹുവിന്റെ തണലിൽ കൊണ്ടുനിർത്തുന്നത്. അതിന് അർഹമാക്കിത്തീർക്കുന്നത്. അഹ്മദികളുടെ ഭൗതികജീവിതമാർഗ്ഗങ്ങളും ദീനിനുവേണ്ടിയുള്ളതായിരിക്കണം. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "നാവ്, കണ്ണ്, ചെവി പോലെയുള്ള എല്ലാ അവയവങ്ങളിലും തഖ്‌വ ഉണ്ടാക്കിത്തീർക്കുക. ഈ ജമാഅത്ത് ഒരുക്കിയിരിക്കുന്നതിന്റെ ഉദ്ദേശ്യം ഇതുതന്നെയാണ്. തഖ്‌വയുടെ പ്രകാശം അകത്തും പുറത്തും ഉണ്ടാകട്ടെ. അവ ഉൽകൃഷ്ടസ്വഭാവഗുണങ്ങളുടെ ഉത്തമമാതൃകയായിരിക്കട്ടെ. കോപവും വിദ്വേഷവും തീരെയുണ്ടാകരുത്. ദേഷ്യം എന്ന കുറ്റം ജമാഅത്തിലെ അധികമാളുകളിലും ഇപ്പോഴും ഉള്ളതായി കാണുന്നു. നിസ്സാരകാര്യങ്ങളിൽപോലും പകയും വിദ്വേഷവും ഉണ്ടാകുകയും പരസ്പരം ശണ്ഠകൂടുകയും ചെയ്യുന്നു. അത്തരക്കാർക്ക് ഈ ജമാഅത്തിൽനിന്ന് ഒരു വിഹിതവും ലഭിക്കുകയില്ല. ആരെങ്കിലും അസഭ്യം പുലമ്പുന്നതുകേട്ട് മൗനം ദീക്ഷിക്കുകയും മറുപടി പറയാതിരിക്കുകയും ചെയ്യുന്നതുകൊണ്ട് എന്ത് കോട്ടം വരാനാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. സൽസ്വഭാവത്തിലൂടെയാണ് ഓരോ ജമാഅത്തിന്റേയും പ്രാഥമിക സംസ്കരണം ആരംഭിക്കുന്നത്. അതുകൊണ്ട് സഹനപൂർവ്വം ശിക്ഷണത്തിൽ പുരോഗതി പ്രാപിക്കേണ്ടതാണ്. ആരെങ്കിലും തെറി പറഞ്ഞാൽ 'അല്ലാഹു അയാളെ നന്നാക്കട്ടെ' എന്ന് മനമുരുകി പ്രാർത്ഥിക്കുകയെന്നതാണ് ഏറ്റവും ഉത്തമമായ പ്രതിവിധി. ഹൃദയത്തിൽ ഒരിക്കലും വിദ്വേഷം വളർത്തരുത്. ലോകത്തിന് നിയമമുള്ളതുപോലെ അല്ലാഹുവിനും നിയമമുണ്ട്. ലോകം അതിന്റെ നിയമം ഉപേക്ഷിക്കാൻ തയ്യാറല്ലെങ്കിൽ അല്ലാഹു തന്റെ നിയമം ഉപേക്ഷിക്കുന്നതെങ്ങനെ? നിങ്ങൾക്ക് മാറ്റമുണ്ടാകാത്തിടത്തോളം കാലം അവന്റെ പക്കൽ നിങ്ങൾക്കൊരു വിലയുമില്ല. സഹിഷ്ണുത, ക്ഷമ, മാപ്പുകൊടുക്കൽ തുടങ്ങിയ ഉത്തമമായ ഗുണങ്ങളുടെ സ്ഥാനത്ത് മൃഗീയത വരുന്നത് അല്ലാഹു ഒരിക്കലും ഇഷ്ടപ്പെടുന്നില്ല. ഈ മനോഹരമായ ഗുണങ്ങളിൽ നിങ്ങൾ അഭിവൃദ്ധിപ്പെടുകയാണെങ്കിൽ പെട്ടെന്ന് അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കും. എന്നാൽ വേദനയോടെ പറയട്ടെ, ജമാഅത്തിലെ ഒരു വിഭാഗം ഇപ്പോഴും ഈ ഗുണങ്ങൾ ആർജ്ജിക്കുന്നതിൽ ബലഹീനരാണ്. ഇക്കാര്യങ്ങൾ കൊണ്ട് മറ്റുള്ളവർക്കും ദുഃഖമുണ്ടാകുന്നു. മാത്രമല്ല അത്തരം ആളുകൾ സ്വയം ദൈവസാമീപ്യത്തിന്റെ വക്കിൽനിന്ന് വീണുപോവുകയും ചെയ്യുന്നു."

അല്ലാഹുവിനോടുള്ള സ്നേഹത്തിനുശേഷം ഉന്നതമായ സ്വഭാവക്കാരായിത്തീരുമ്പോഴാണ് നാം ഓരോരുത്തരും മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽപ്പെട്ടവരായിത്തീരുന്നത്. വാസ്തവത്തിൽ ഉത്തമമായ സ്വഭാവം അല്ലാഹുവിനോടുള്ള സ്നേഹത്തിന്റെ ഒരു ഭാഗമാണ്. കാരണം ഉത്തമമായ സ്വഭാവം തഖ്‌വ കൊണ്ടാണുണ്ടാകുന്നത്. അല്ലാഹു നമ്മുടെ ഉള്ളിൽ അവനോടുള്ള സ്നേഹം ഉണ്ടാക്കുകയും അതിന്റെ ഫലമായി തഖ്‌വയുടെ ഉന്നതമായ നില നാട്ടാൻ തൗഫീഖ് നൽകുകയും ചെയ്യട്ടെ. മസീഹ് മൗഊദ്(അ) പറഞ്ഞ തിന്മകളിൽനിന്ന് പൂർണ്ണമായും രക്ഷപ്പെടുന്നവരാകട്ടെ. വെറുപ്പിൽനിന്നും വിദ്വേഷത്തിൽനിന്നും ഹൃദയത്തെ ശുദ്ധീകരിക്കുന്നവരാകട്ടെ. വ്യക്തിപരമായ വൈരാഗ്യങ്ങൾക്ക് ജമാഅത്തിന്റെ നിറം പകരുന്നവരായിത്തീ

രാതിരിക്കട്ടെ. വ്യക്തിഗതമായി ഏതെങ്കിലും ഭാരവാഹികളോടുള്ള വൈരാഗ്യവും വെറുപ്പും ആ ഭാരവാഹിയെ അനുസരിക്കാതിരിക്കാൻ നമ്മെ പ്രേരിപ്പിക്കാതിരിക്കട്ടെ. ഇപ്രകാരംതന്നെ ഭാരവാഹികളും തങ്ങളുടെ ഏതെങ്കിലും വ്യക്തിഗതമായ വൈരാഗ്യത്താൽ ആർക്കെതിരിലും ഔദ്യോഗികസ്ഥാനം ദുരുപയോഗം ചെയ്യുന്നവരാകാതിരിക്കട്ടെ. അല്ലാഹു ആർക്കെങ്കിലും സ്ഥാനം നൽകിയിട്ടുണ്ടെങ്കിൽ അവർ അല്ലാഹുവിന് ശുക്ർ ചെയ്യട്ടെ. അല്ലാതെ അഹങ്കാരവും പൊങ്ങച്ചവും കാണിക്കരുത്. ജമാഅത്തിലെ ഭാരവാഹികൾ ആരാധനാകർമ്മങ്ങളിലും സ്വസ്വഭാവങ്ങളിലും ഉത്തമമായ മാതൃകയാവേണ്ടതാണ്. വിനയത്തിന്റേയും വണക്കത്തിന്റേയും ഉന്നതാമയ നിലനാട്ടേണ്ടതാണ്. നീതിയുടേയും ന്യായത്തിന്റേയും സകല തേട്ടങ്ങളും പൂർത്തിയാക്കേണ്ടതുമാണ്.

ഒരു സാധാരണക്കാരനായ അഹ്മദിയോട്, ഉത്തമമായ സ്വഭാവം പ്രകടിപ്പിക്കാനും ക്ഷമ കാണിക്കാനും പരസ്പരം മാപ്പുകൊടുക്കാനും മസീഹ് മൗഊദ്(അ)ന്റെ പ്രതീക്ഷപോലെ ജമാഅത്തിന്റെ അംഗമാകാനും പറയുമ്പോൾ ഔദ്യോഗിക ഭാരവാഹികൾ എത്രമാത്രം ശ്രദ്ധിച്ചു ജീവിക്കണം. അവരെ അല്ലാഹു പിടികൂടുന്നത് അതിനേക്കാൾ ശക്തമായ നിലയിലുമായിരിക്കും. അതുകൊണ്ടവർ കൂടുതൽ ഇസ്തിഗ്ഫാർ ചെയ്യേണ്ടതാണ്. ഇല്ലെങ്കിൽ ശത്രുവിന്റെ പരിഹാസങ്ങൾക്ക് ഇരയാവുകയും ശത്രുക്കൾ ജമാഅത്തിന്റെനേരെ വിരൽചൂണ്ടുകയും ചെയ്യും. അല്ലാഹു ജമാഅത്തിനെക്കുറിച്ച് അഭിമാനിയാവുന്നു. ശത്രുവിന് പരിഹസിക്കാൻ അവസരമുണ്ടാക്കിക്കൊടുക്കുന്നവർ അവന്റെ സാമീപ്യത്തിൽനിന്ന് വീണുപോവുന്നു. അല്ലാഹു നമ്മെയെല്ലാം പരിശുദ്ധമായ മാറ്റമുണ്ടാക്കിത്തീർക്കാൻ സഹായിക്കുമാറാകട്ടെ. കൈവന്നിരിക്കുന്ന ഈ ജൽസാദിനങ്ങളെ നിരർത്ഥകങ്ങളായ കാര്യങ്ങളിലൂടെ നഷ്ടപ്പെടുത്തിക്കളയുന്നതിനു പകരം ദുആയിലും സ്വയം പരിവർത്തനമുണ്ടാക്കുന്ന പരിശ്രമത്തിലും കഴിച്ചുകൂട്ടുക. ജൽസയുടെ എല്ലാ പരിപാടികളും ശ്രദ്ധിച്ചു കേൾക്കുക. അത് ഏതെങ്കിലും രീതിയിൽ അറിവിലും ആത്മീയതയിലും വർദ്ധനവുണ്ടാകാൻ കാരണമാകും. അതുകൊണ്ട് അതിനെ പ്രയോജനപ്പെടുത്തുക. ഇന്നയാൾ നല്ല പ്രസംഗകനാണ് അതുകൊണ്ട് അയാളുടെ പ്രസംഗം കേൾക്കാം. മറ്റൊന്നും വേണ്ട എന്ന ചിന്തയിലിരിക്കരുത്. സകല പരിപാടികളും കേൾക്കേണ്ടതാണ്. സ്ത്രീകളും വ്യർത്ഥമായ മജ്ലിസ് സംഘടിപ്പിക്കുന്നതിനു പകരം ഈ ദിനങ്ങളെ ആത്മീയത വളർത്താൻ ചെലവഴിക്കുക. അവരാണ് കൂടുതലും കൂടിയിരുന്ന് സംസാരിക്കുന്നത്. നല്ല നിലയിൽ സമയം ചെലവഴിക്കുക. തനിക്കും തന്റെ മക്കൾക്കും ജമാഅത്തിനും വേണ്ടി പ്രാർത്ഥിക്കുക. തന്റെ സഹോദരനും സഹോദരിക്കും വേണ്ടി പ്രാർത്ഥിക്കുക. ഇതുമുഖേനയും സ്നേഹത്തിന്റെ ഒരു ബന്ധമുണ്ടാകും. അത് വളരും. ആർക്കെങ്കിലും ഏതെങ്കിലും പരാതിയുണ്ടെങ്കിൽ അവർക്കുവേണ്ടിയും പ്രാർത്ഥിക്കുക. അല്ലാഹു സർവ്വശക്തനാണ്, പ്രാർത്ഥന കേൾക്കുന്നവനാണ്, സ്വീകരിക്കുന്നവനുമാണ്. നിങ്ങൾ സദുദ്ദേശ്യത്തോടെ ചെയ്യുന്ന പ്രാർത്ഥന നിങ്ങളിൽ മാറ്റമുണ്ടാകാൻ കാരണമാകുന്നു. സദുദ്ദേശ്യത്തോടെ പരസ്പരം പ്രാർത്ഥിക്കുമ്പോൾ തീർച്ചയായും അല്ലാഹു അത് സ്വീകരിക്കും. നിങ്ങളുടെമേൽ കാരുണ്യത്തിന്റെ മഴ വർഷിക്കുകയും ചെയ്യും. ഞാൻ വീണ്ടും പറയുകയാണ്. ഈ ദിനങ്ങളെ ആരാധനയിലും ദൈവസ്മരണയിലും ചെലവഴിക്കുക. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗ്രഹമനുസരിച്ച് ദൈവസാമീപ്യത്തിന്റെ മാതൃക നിലനാട്ടുക. ഉത്തമമായ സ്വഭാവത്തിന്റെ മാതൃകയും കാണിക്കുക. ശത്രുക്കൾക്ക് പരിഹസിക്കുന്നതിനുള്ള അവസരം നല്കുന്നതിനു പകരം ഈ ജൽസയെ നിങ്ങളുടെ ഉള്ളിൽ പരിശുദ്ധമായ മാറ്റത്തിന്റെ ഒരടയാളമാക്കി തീർക്കുക. പരിശുദ്ധമായ മാറ്റമുണ്ടാക്കേണ്ട മസീഹ് ഇവിടെ വന്നുവെന്നും നമ്മളാണ് അതിന്റെ വക്താക്കളെന്നും ലോകത്തിന് കാണിച്ചുകൊടുക്കുക. ആ പരിശുദ്ധമായ മാറ്റത്തെ ഒരിക്കലും മരിക്കാൻ അനുവദിക്കുകയില്ലെന്ന് സ്ഥാപിച്ചുകാണിക്കുക. ഇൻശാഅല്ലാഹ്. അല്ലാഹു എല്ലാവർക്കും ഇതിന് തൗഫീഖ് നൽകട്ടെ.

Jumua Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on
24.6.2005
at
Mississauga, Toronto, Canada

**വിവ: മുഹമ്മദ് ഇസ്മായീൽ. എച്ച്.എ, ആലപ്പുഴ**

Mobile: 9895 126027; 0497 2702562

Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala